**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 526-**

**2018 ജൂൺ 05-ന് മറുപടി നൽകേണ്ടിയിരുന്നത്**

സർക്കാർ ജീവനക്കാരുടെ ഭവന വായ്പ പദ്ധതി

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ, എം എൽ എ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതിപ്രകാരം ഈ വർഷം എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്; | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകി വന്നിരുന്ന ഭവന നിർമ്മാണ വായ്പ (HBA) പദ്ധതി പ്രകാരം നിലവിലുള്ള അർഹതാ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ ഘട്ടം ഘട്ടമായി തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉടൻ 50 കോടി രൂപ അനുവദിക്കുന്നതാണ്. |
| (ബി) | ഈ വർഷം ഈ പദ്ധതി പ്രകാരം എത്ര പേർക്ക് കൂടി വായ്പാ വിതരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിക്കുന്ന 2500 ഭവന നിർമ്മാണ വായ്പ അപേക്ഷകർക്ക് ഘട്ടം ഘട്ടമായി വായ്പ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവുണ്ടായതിന് കാരണമെന്താണ്; | ഗുണഭോക്താക്കളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. 2016-17 സാമ്പത്തിക വർഷം 3003 അപേക്ഷകളും 2017-18 സാമ്പത്തിക വർഷത്തിൽ 2889 അപേക്ഷകളു മാണുണ്ടായിരുന്നത്. |
| (ഡി ) | പദ്ധതി കാര്യക്ഷമമല്ലാത്തത് മൂലം ജീവനക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | 2017-18 സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന 2500 ഭവന നിർമ്മാണ വായ്പ അപേക്ഷകളിൽ ഘട്ടം ഘട്ടമായി വായ്പ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**